"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - LID&EW - ജീവനക്കാര്യം - റീബിൽഡ് കേരള ഇൻഷ്യേറ്റിവിലെ എഞ്ചിനീയർമാരുടെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.557/2026/LSGD തീയതി,തിരുവനന്തപുരം, 02-03-2026

---

പരാമർശം:-

1. 05.01.2026-ൽ തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനം.

2. 09.01.2026-ലെ സ.ഉ(സാധാ)നം.70/2026/LSGD ഉത്തരവ്

3. പ്രോജക്ട് ഡയറക്ടറുടെ 09.01.2026-ലെ E1 /03/201 9/PM ULSGD നമ്പർ കത്ത്.

**ഉത്തരവ്**

പി.എം.യു/ കോട്ടയം പി.ഐ.യു. എന്നിവയുടെ കാലാവധി ദീർഘിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പരാമർശം (1) യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം 31 മാർച്ച് 2026-ന് ഉള്ളിൽ അന്യത്ര സേവന കാലാവധി പൂർത്തിയാകുന്ന ഉദ്യോഗസ്ഥരുടെ പേരു വിവരങ്ങൾ പ്രോജക്ട് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർ ശം (2) പ്രകാരം RKI-യുടെ പ്രവർ ത്തനാനുമതി 2026 മാർച്ച് വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ, എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി. ബിന്ദു ജാസ്മിൻ W.S., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായ സുരേഷ്.കെ.ജി, ശ്രീമതി. ഷീജ.ബി.റാണി, അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി. ചിഞ്ചു. എസ്. എന്നിവരുടെ റീബിൽഡ് കേരള ഇൻഷ്യേറ്റിവ് പ്രൊജക്റ്റ് മാനേജ്മന്റ് യൂണിറ്റിലെ ഡെപ്യൂട്ടേഷൻ, യഥാക്രമം 01.01.2026, 15.01.2026, 05.01.2026,

20.01.2026 തീയതി പ്രാബല്യത്തിൽ ഒരു വർഷത്തേയ്ക്ക് കൂടി അല്ലെങ്കിൽ RKI-യുടെ പ്രവർത്തനാനുമതി അവസാനിക്കുന്നത് വരെ, ഇവയിൽ ഏതാണോ ആദ്യം വരുന്നത് അതുവരെ എന്ന വ്യവസ്ഥയോട് കൂടി നിലവിലെ അന്യത്രസേവന വ്യവസ്ഥകൾക്കും കെ. എസ്. ആർ ഭാഗം I ചട്ടം 140(സി)-യിലെ നിബന്ധനകൾക്കും വിധേയമായി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DIPUKUMAR S L
അണ്ടർ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ /ഓഡിറ്റ് ) , കേരള, തിരുവനന്തപുരം
4. തദ്ദേശ സ്വയംഭരണ (പിപി) വകുപ്പ്
5. പ്രൊജക്ട് ഡയറക്ടർ, PMU RKI, തിരുവനന്തപുരം.
6. ബന്ധപ്പെട്ട ജീവനക്കാർക്ക് (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
7. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
8. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
9. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Keerthi J P
സെക്ഷൻ ഓഫീസർ
Date: 02-03-2026 17:20:29